(ബി) പുതുതായി വായ്പയെടുക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട് എന്നും എത്ര കോടിയുടെ വായ്പ ഇനിയും എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഡെപ്പോസിറ്റായോ മറ്റേതെങ്കിലും നിലയിലോ സംസ്ഥാന ഖജനാവിലേക്ക് പണം സ്വരൂപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003 ഏപ്രിൽ മുതൽ 2004 ഏപ്രിൽ വരെ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ ഇപ്രകാരമാണ്.

എൽ. ഐ. സി.	..	1555.57 കോടി രൂപ
ജി. ഐ. സി.	..	137.30 കോടി രൂപ
എൻ. സി. ഡി. സി.	..	270.59 കോടി രൂപ
നബാർഡ്	..	466.19 കോടി രൂപ

കേന്ദ്ര ഗവൺമെന്റിൽ നിന്നും നാഷണൽ സേവിംഗ്സ് ഫണ്ടിൽ നിന്നും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ വഴി ഓപ്പൺ മാർക്കറ്റിൽ നിന്നും എടുത്ത ലോണുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ എൽ. ഐ. സി.-യിൽ നിന്നും 440 കോടി രൂപയും ജി. ഐ. സി.-യിൽ നിന്നും 40 കോടി രൂപയും നബാർഡിൽ നിന്നും 250 കോടി രൂപയും, വായ്പയെടുക്കാൻ പ്ലാനിംഗ് കമ്മീഷൻ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പണം സ്വരൂപിക്കുന്നതിന് ഡെപ്പോസിറ്റുകൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

നികുതിയിനത്തിൽ ലഭിക്കേണ്ട തുക

23 [201] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് വിവിധ നികുതി കുടിശ്ശികയിനത്തിൽ എന്തു രൂപ പിരിഞ്ഞു കിട്ടാനുണ്ട്; ഇനംതിരിച്ച് വെളിപ്പെടുത്താമോ;

(ബി) അതിൽ എത്ര കോടി രൂപയ്ക്കാണ് ഗഡു ഇനത്തിൽ അടയ്ക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും വിവിധ നികുതിയിനത്തിൽ ലഭിക്കേണ്ട തുകയും സർക്കാരിന് തന്നാണ്ടിൽ ലഭിച്ച തുകയും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ?

ഉത്തരം

(എ) വിൽപ്പന നികുതി, ഇലക്ട്രിസിറ്റി ഡ്യൂട്ടി, വാഹന നികുതി, ലാന്റ് റവന്യൂ, കാർഷികാദായ നികുതി എന്നീ മേഖലകളിലായി 3829.90 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഓരോ മേഖലയിലും പിരിഞ്ഞു കിട്ടാനുള്ള തുക താഴെ കാണും പ്രകാരമാണ്.

(രൂപ കോടിയിൽ)

വിൽപ്പന നികുതി	..	2772.23
കാർഷികാദായ നികുതി	..	71.91
ഇലക്ട്രിസിറ്റി ഡ്യൂട്ടി	..	781.28
വാഹന നികുതി	..	53.43
ലാന്റ് റവന്യൂ	..	151.05
ആകെ	..	3829.90

(ബി) ലാന്റ് റവന്യൂ ഇനത്തിൽ 118.02 കോടി രൂപയ്ക്ക് ഗഡു ഇനത്തിൽ അടയ്ക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. മറ്റിനങ്ങളിൽ വിവരം ശേഖരിച്ചു വരുന്നു.

(സി) യു ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും വിവിധ നികുതിയിനത്തിൽ ലഭിക്കേണ്ട തുകയും, സർക്കാരിന് തന്നാണ്ടിൽ ലഭിച്ച തുകയും താഴെ പറയും പ്രകാരമാണ്.

ഇനം	2001-2002		2002-2003		2003-2004		2004-2005	
	ബജറ്റ് എസ്റ്റിമേറ്റ്	കണക്ക്	ബജറ്റ് എസ്റ്റിമേറ്റ്	കണക്ക്	ബജറ്റ് എസ്റ്റിമേറ്റ്	കണക്ക്	ബജറ്റ് എസ്റ്റിമേറ്റ്	കണക്ക്
വിൽപ്പന നികുതി	5568.41	4440.85	5600.40	5343.15	6418.00	5991.43	7123.00	6701.05
കാർഷികാദായ നികുതി	27.00	1.87	10.60	6.40	3.00	8.74	4.43	4.93
എക്സൈസ്	744.22	541.46	748.41	663.07	800.00	655.91	750.00	746.45
രജിസ്ട്രേഷൻ	468.11	394.28	501.83	486.53	606.52	549.81	866.37	775.37
ഇലക്ട്രിസിറ്റി ഡ്യൂട്ടി	2.00	5.18	16.81	197.63	177.77	189.97	241.62	9.62
വാഹന നികുതി	491.17	452.18	540.81	513.20	582.40	585.77	620.00	610.47
ലാൻറ് റവന്യൂ	45.00	34.93	49.45	38.40	47.47	40.59	43.29	43.85

*അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly